**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4948** **20-07-2022 - ൽ മറുപടിയ്ക്ക്**

**നാദാപുരം മണ്ഡലത്തിലെ സ്കൂൾ നവീകരണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബി മുഖേനയും പ്ലാൻ ഫണ്ട് മുഖേനയും 2016 ജൂൺ മുതൽ 2022 ജൂൺ വരെ നാദാപുരം മണ്ഡലത്തിൽ സ്കൂൾ നവീകരണത്തിനായി അനുവദിച്ച തുകയും സ്കൂളുകളുടെ പേരും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥയും വിശദമാക്കാമോ? | (എ) | കിഫ്ബി മുഖേന 2016 ജൂൺ മുതൽ 2022 ജൂൺ വരെ നാദാപുരം മണ്ഡലത്തിൽ സ്കൂൾ നവീകരണത്തിനായി അനുവദിച്ച തുകയും സ്കൂളുകളുടെ പേരും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥയും ചുവടെ ചേർക്കുന്നു.<br><br>**5കോടി കിഫ്ബി പദ്ധതി**<br><br>5കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട വളയം ഗവ.എച്ച്.എസ്.എസ്.സ്കൂളിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.<br><br>**3കോടി കിഫ്ബി പദ്ധതി**<br><br>3കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 4 സ്കൂളുകൾക്കാണ് നാദാപുരം മണ്ഡലത്തിൽ നിർമ്മാണത്തിനായി തുക അനുവദിച്ചിട്ടുള്ളത്. ഇതിൽ നാദാപുരം ഗവ: യു.പി.സ്കൂൾ, വെള്ളിയോട് ഗവ:ഹയർ സെക്കന്ററി സ്കൂൾ എന്നീ സ്കൂളുകളുടെ ഡിപിആർ തയ്യാറാക്കി . ഫീസിബിലിറ്റി സ്റ്റഡി (feasibility study) നടത്തി പുതുക്കിയ DSR / GST നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകുന്ന മുറയ്ക്ക് നിർമ്മാണത്തിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>**കല്ലാച്ചി GHSS, കാവിലുംപാറ GHSS എന്നീ സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ട്.**<br><br>**പ്ലാൻ ഫണ്ട് മുഖേന തുക അനുവദിച്ച സ്കൂളുകളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.** |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | അനുവദിച്ച തുക | ഫണ്ട് | പ്രവൃത്തിയുടെ നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | ജി.എൽ.പി.എസ് കമ്പളചോല | 1 കോടി | പ്ലാൻ ഫണ്ട് | കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു. ഇലക്ട്രിഫിക്കേഷൻ നടന്നിട്ടില്ല |
| 2 | ജി.യു.പി.എസ് കണ്ടുതോട് | 63 ലക്ഷം | പ്ലാൻ ഫണ്ട് | ഇലക്ട്രിഫിക്കേഷൻ കഴിഞ്ഞിട്ടുള്ള പണികൾ പൂർത്തിയാക്കി |
| 3 | ജി.എൽ.പി.എസ് കരണ്ടോട് | 1 കോടി | പ്ലാൻ ഫണ്ട് | കെട്ടിട നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട് |
| 4 | ജി.എച്ച്.എസ് വെള്ളിയോട് | 1.5 കോടി | പ്ലാൻ ഫണ്ട് | പ്രവൃത്തി പുരോഗമിക്കുന്നു. |